പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2471

23.01.2014 ൽ
മറുപടിയ്ക്ക്

കണ്ണൂർ സൈബർ പാർക്ക്

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന "കണ്ണൂർ സൈബർ പാർക്ക്"-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള അവസ്ഥ വിശദമാക്കാമോ? | കണ്ണൂർ ജില്ലയിൽ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ, എരമം വില്ലേജിൽ കണ്ണൂർ സൈബർ പാർക്കിനുള്ള 25.63 ഏക്കർ ഭൂമിയിലേയ്ക്ക് നേരിട്ടുള്ള ഗതാഗത സൗകര്യമില്ലാത്തതിനാൽ നിലവിലുള്ള പഞ്ചായത്ത് റോഡിൽ നിന്നും ടി ഭൂമിയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാക്കാൻ 80 സെന്റ് ഭൂമി അക്വയർ ചെയ്യാനും 10 സെന്റ് സർക്കാർ ഭൂമി പതിച്ചുകിട്ടാനും വേണ്ടിയുള്ള നടപടികളാണ് തുടർന്നുവരുന്നത്. ഏറ്റെടുക്കേണ്ട ഭൂമിയുടെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ആയതിന് ആവശ്യമായ ഫണ്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. പാർക്കിന് വേണ്ടി ചുറ്റുമതിൽ പ്രവൃത്തി പുരോഗമിക്കുന്നു. ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി KSEB യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. റോഡിനാവശ്യമായ ഭൂമി അക്വയർ ചെയ്ത് കിട്ടുന്നതോടെ 50000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ